കൺവെൻഷൻ മുൻ മുഖ്യമന്ത്രിയായിരുന്ന പി. കെ. വാസുദേവൻ നായരാണ് ഉദ്ഘാടനം ചെയ്തത്. ഡിസംബർ 20-ന് കോട്ടയത്ത് ഹർത്താലും പൊതുപണിമുടക്കും നടത്തി. ഇപ്പോൾ ഫാക്ടറി പടിക്കൽ തൊഴിലാളികളുടെ ഉപവാസ സമരം നടന്നുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ എച്ച്.എൻ.എൽ. സ്വകാര്യവൽക്കരണം ഉപേക്ഷിക്കാനും ഈ കമ്പനിയെ പൊതുമേഖലയിൽ നിലനിർത്തുവാനും ആവശ്യമായ ചർച്ച നടത്തി ഇത് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കണമെന്ന് ഞാൻ ഈ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഇത് പൊതുമേഖലയിൽ നിലനിറുത്തിയാൽ കൊള്ളാമെന്ന് കേന്ദ്രത്തെ പല പ്രാവശ്യം നമ്മൾ എഴുതി അറിയിച്ചിട്ടുണ്ട്. സാമാന്യം നന്നായിപ്പോകുന്ന ഒരു ഫാക്ടറിയാണ്. സ്വകാര്യവൽക്കരണം ആവശ്യമില്ലായെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കേന്ദ്രത്തിൽ പറഞ്ഞു. പക്ഷെ ഈ പോളിസിയിൽ കേന്ദ്ര ഗവൺമെന്റ് ഒരു സ്റ്റേറ്റിലും മാറ്റം വരുത്തിയിട്ടില്ല. പ്രക്ഷോഭണ പരിപാടികളും അതുപോലെതന്നെ നിവേദനങ്ങൾ ഒന്നും, ആ പോളിസിക്ക് ബാധകമല്ലായെന്നുള്ള നിലപാടാണ് കേന്ദ്ര ഗവൺമെന്റ് എടുത്തത്. ഒരു സ്റ്റേറ്റിലും സ്വകാര്യവൽക്കരണത്തിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഈ വിഷയം അവിടെ സംസാരിച്ചു, സ്വകാര്യവൽക്കരണം പിൻവലിക്കാൻ ബുദ്ധിമുട്ടാണ് എന്ന നിലപാടാണ് അവർ ഇതുവരെ എടുത്തിരിക്കുന്നത്. തുടർന്നും നമുക്ക് ശ്രമിച്ചുനോക്കാം.

ശ്രീ. പി. നാരായണൻ: സർ, കേന്ദ്ര ഗവൺമെന്റ് ഈ പൊതുമേഖലാ സ്ഥാപനം ഏറ്റെടുക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ കേരള ഗവൺമെന്റ് അവിടത്തെ തൊഴിലാളികളുടേയും കേരളത്തിലെ ജനങ്ങളുടേയും ആഗ്രഹം മുൻനിർത്തി ലാഭകരമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനം ഏറ്റെടുക്കാൻ തയ്യാറാകുമോ, അതിന് അങ്ങ് മുൻകൈ എടുക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, നൂറ്, നൂറ്റിപതിമൂന്ന് പൊതുമേഖലാ സ്ഥാപനങ്ങളെ എങ്ങനെ കൊണ്ടുനടത്താമെന്നുള്ളതുതന്നെ വലിയ തലവേദനയായിരിക്കുകയാണ്. ഇനി ഏറ്റെടുക്കുന്ന കാര്യം ആലോചിക്കുന്ന പ്രശ്നമേയില്ല. അതിനുള്ള സാമ്പത്തിക ശേഷിയുമില്ല.

(2) രൂക്ഷമായ വരൾച്ചയും കുടിവെള്ള ക്ഷാമവും മൂലം പാലക്കാട് ജില്ലയിലെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കെ. എ. ചന്ദ്രൻ: സർ, പാലക്കാട് ജില്ല വരൾച്ചയിൽ നിന്ന് കൊടും വരൾച്ചയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. കർഷകർ കൃഷിയുണക്കുമൂലം കഷ്ടനഷ്ടങ്ങൾ അനുഭവിക്കുന്നു. ഇതിന് പരിഹാരം തേടി അവർ തെരുവിലേക്ക് ഇറങ്ങിക്കഴിഞ്ഞു. വീട്ടമ്മമാരും കുട്ടികളും കുടിവെള്ളം കിട്ടുന്നതിനുവേണ്ടി വേഴാമ്പലിനെപ്പോലെ പറക്കുകയാണ്. ഈ സ്ഥിതിയുണ്ടായിത്തുടങ്ങിയ സന്ദർഭത്തിൽ ബഹുമാനപ്പെട്ട യു.ഡി.എഫ്.

LIBRARY ARCHIVES Kerala Legislative Assembly

കൺവീനർ ബന്ധപ്പെട്ട മന്ത്രിമാർക്ക് നിർദ്ദേശവും അപേക്ഷയും സമർപ്പിച്ചു. യു.ഡി.എഫ്. ജില്ലാ കമ്മിറ്റി ഇതുസംബന്ധിച്ച് മന്ത്രിമാരുമായി സംസാരിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഗൗരിയമ്മയുടെ നേതൃത്വത്തിൽ ധനകാര്യ വകുപ്പുമന്ത്രിയും റവന്യൂവകുപ്പുമന്ത്രിയും ജലസേചന വകുപ്പുമന്ത്രിയും പ്രതിപക്ഷ നേതാവും ജനപ്രതിനിധികളും രാഷ്ട്രീയ നേതാക്കൻമാരുമായി ചർച്ച നടത്തുകയും, ആവശ്യമായ പ്രഖ്യാപനം ഉണ്ടാകുകയും ചെയ്യുകയുണ്ടായി. പക്ഷെ അനന്തര നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തേണ്ടതിന്റെ ആവശ്യത്തെ സംബന്ധിച്ചാണ് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. സർ, പറമ്പിക്കുളം-ആളിയാർ നദീജല കരാർ അനുസരിച്ച് ആളിയാറിൽ നിന്ന് ചിറ്റൂർ പുഴയ്ക്ക് കിട്ടേണ്ട വെള്ളം തമിഴ്നാട് വിട്ടുതരാത്തതുമൂലവും കാലവർഷത്തിൽ വന്ന കുറവുമൂലവും പാലക്കാട് ജില്ലയുടെ സമ്പദ്വ്യവസ്ഥ പാടേ തകർന്നു. കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനും സമ്പദ്ഘടന തകർന്നതുമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന ജനങ്ങൾക്ക് അടിയന്തിരാശ്വാസം എത്തിക്കുന്നതിനും അടിയന്തിര പ്രാധാന്യം നൽകണം. തൊഴിലാളികൾക്ക് തൊഴിലും കൂലിയും ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. വായ്പകൾക്ക് മോറട്ടോറിയവും ഇളവും നൽകണം. കുടിശ്ശികയായിട്ടുള്ള വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ ഉടൻ നൽകണം. പാലക്കാട് ജില്ലയുടെ പരിതാപകരമായ ഇന്നത്തെ അവസ്ഥയിൽ കേന്ദ്രത്തിൽനിന്നും കൂടുതൽ സഹായം നേടി ജനങ്ങൾക്ക് ആശ്വാസം എത്തിക്കണം. പാലക്കാട്ടെ നെല്ലറ ഇപ്പോൾ കല്ലറയായി മാറി. പാലക്കാട് മരുഭൂമിയാകുമോ എന്ന ഭയാശങ്കയാണ് ഇന്നുള്ളത്. പറമ്പിക്കുളം-ആളിയാർ അന്തർ സംസ്ഥാന നദീജല കരാർ അനുസരിച്ച് ലഭിക്കേണ്ട വെള്ളവും ഈ വർഷത്തെ വരൾച്ച കണക്കിലെടുത്ത് അധികം വെള്ളവും ലഭ്യമാക്കുന്നതിനും കൊല്ലങ്കോട്, മുതലമട, ഇലവഞ്ചേരി എന്നീ പ്രദേശങ്ങൾക്ക് കുടിവെള്ളവും കൃഷിക്കുള്ള വെള്ളവും ലഭ്യമാക്കുന്നതിനും മീൻകര-ചുള്ളിയാർ ജലസംഭരണിയിൽ വെള്ളം എത്തിക്കുന്നതിനുമുള്ള സ്ഥിരം സംവിധാനം ഉണ്ടാക്കണം. കരാർ അനുസരിച്ച് ലഭിക്കേണ്ട ജലം ഉടൻ ലഭ്യമാക്കണം. നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പണി നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കി പ്രയോജനപ്പെടുത്തുന്നതിനും ആവശ്യമായ അടിയന്തിര നടപടികൾ ഉണ്ടാകണം. കുടിവെള്ള പദ്ധതിയുടെ സ്രോതസ്സുകളിലുണ്ടായിട്ടുള്ള വെള്ളക്കുറവുമൂലം കുടിവെള്ളം കിട്ടാത്തിടത്ത് വെള്ളം അടിയന്തിരമായി എത്തിക്കണം. കേരളത്തിലൂടെ ഒഴുകേണ്ടതായ ജലസ്രോതസ്സുകളെ തിരിച്ചുവിടുന്നത് സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി ഒഴുക്ക് തടയുന്നതൊഴിവാക്കണം. പാലക്കാട് ജില്ലയിലെ വരൾച്ച നമ്മൾ ഉണ്ടാക്കിയതാണ്. നിലവിലുള്ള അണക്കെട്ടുകളുടെ പുനരുദ്ധാരണവും അറ്റകുറ്റപ്പണികളും യഥാസമയം നടത്തണം. കുരിയാർകുറ്റി-കാരപ്പാറ-പലകപ്പാണ്ടി പദ്ധതി നടപ്പിലാക്കിയെങ്കിൽ മാത്രമേ അവിടെ ഉണ്ടായ വരൾച്ചക്കു പരിഹാരമാകൂ; മണ്ണിനും ജലസ്രോതസ്സുകൾക്കും നനവ്

LIBRARY ARCHIVES Kerala Legislative Assembly

ലഭിക്കുകയുമുള്ളൂ. നദികളുടെ സംരക്ഷണം, മഴവെള്ള സംരക്ഷണം, ജല സാക്ഷരത എന്നിവയ്ക്ക് പ്രാധാന്യം നൽകണം. കുളങ്ങളുടെ ആഴം കൂട്ടി വൃത്തിയാക്കി ദീർഘ കാലാടിസ്ഥാനത്തിൽ വരൾച്ചയെ നേരിടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരത്തിനുള്ള നടപടികളുണ്ടാകണം. കൃഷിക്കാർക്ക് ധനസഹായവും നൽകണം. കാർഷിക കടങ്ങൾക്കും അനുബന്ധ കടങ്ങൾക്കും മോറട്ടോറിയവും ഇളവും നൽകണം. തൊഴിലാളികൾക്ക് ജോലിയും കൂലിയും ലഭ്യമാക്കണം. കുടിശ്ശികയായിട്ടുള്ള വിവിധ സാമൂഹ്യക്ഷേമ പെൻഷനുകളും കൃഷിക്ക് അനുബന്ധമായി പ്രഖ്യാപിച്ച കാര്യങ്ങളും അടിയന്തിരമായി നൽകണം. ഇവ നൽകാൻ കഴിഞ്ഞില്ലെങ്കിൽ പാലക്കാട്ടെ ജനങ്ങളുടെ ദുരിതം പറഞ്ഞറിയിക്കാൻ കഴിയാത്തവിധം രൂക്ഷമാകുകയും ജനങ്ങൾ എന്തും ചെയ്യാൻ മടിക്കാത്ത സ്ഥിതിയിലേക്ക് പോകുകയും ചെയ്യും. ഇതിന് വിവിധ വകുപ്പുകളും മന്ത്രിമാരുമായി കൂടിയാലോചിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആശ്വാസം കാണണമെന്നാണ് എനിക്ക് ഈ സഭയിൽ ഉന്നയിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, പാലക്കാട് ജില്ലയിൽ പൊതുവിലും ചിറ്റൂർ താലൂക്കിൽ പ്രത്യേകിച്ചും നിലനിൽക്കുന്ന ഭയാനകമായ വരൾച്ചയുടെ ഗൗരവമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത്. പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരള അതിർത്തിയിലെ മണക്കടവ് വിയറിലേക്ക് ലഭ്യമാക്കേണ്ട ജലം മുഴുവനും ലഭ്യമാക്കാൻ കഴിഞ്ഞ രണ്ടു വർഷങ്ങളിലായി തമിഴ്നാട്ടിന് സാധിച്ചിട്ടില്ല. അത് മുഴുവനും ബാക്കിയും ഉൾപ്പെടെ ഈ ജലവർഷം ജനുവരി 18 വരെ കേരളം ആവശ്യപ്പെട്ടിട്ടുള്ള ജലത്തിന്റെ അളവ് 6.467 ടി.എം.സി. അടിയാണ്. വെള്ളം ലഭിച്ചത് 3.728 ടി.എം.സി. അടിയാണ്. 2004 ജനുവരി 4-ന് തിരുവനന്തപുരത്ത് വച്ച്നടത്തിയ ചർച്ചയിൽ യഥാസമയം വെള്ളം ലഭിക്കാത്തതുമൂലമുണ്ടായ കൃഷിനാശത്തെപ്പറ്റി തമിഴ്നാട് മന്ത്രിമാരെ ബോദ്ധ്യപ്പെടുത്തുകയും വെള്ളം വിട്ടുതരേണ്ട ആവശ്യകത ധരിപ്പിക്കുകയും ഉണ്ടായി. ആവശ്യത്തിനുള്ള വെള്ളം ലഭ്യമാക്കാമെന്ന് തമിഴ്നാട് മന്ത്രിമാർ ഉറപ്പ് നൽകുകയുമുണ്ടായി. അതിന് വിരുദ്ധമായ അറിയിപ്പ് പൊള്ളാച്ചി സൂപ്രണ്ടിംഗ് എഞ്ചിനീയറിൽ നിന്നും ലഭിച്ചതിനെത്തുടർന്ന് തമിഴ്നാട് മന്ത്രിമാരുമായി വീണ്ടും ബന്ധപ്പെടുകയും ഞാൻ തന്നെ തമിഴ്നാട് മുഖ്യമന്ത്രിക്ക് ഈ ഗൗരവം എല്ലാം കാണിച്ച് കത്തെഴുതുകയും ചെയ്തിട്ടുണ്ട്. രൂക്ഷമായ കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങളിലും ചിറ്റൂർ, പാലക്കാട്, ആലത്തൂർ പ്രദേശങ്ങളിലും ടാങ്കർ ലോറികളിൽ ശുദ്ധജലവിതരണം നടത്തിവരുന്നുണ്ട്. നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതികളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും സമയബന്ധിതമായി നടത്തി വരുന്നുണ്ട്. പണി നടന്നുകൊണ്ടിരിക്കുന്ന ശുദ്ധജല വിതരണ പദ്ധതികളായ പോത്തുണ്ടി, കൊല്ലങ്കോട് പദ്ധതികൾ പൂർത്തിയാക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ പണികൾ നടത്തിവരുന്നു. കുടിവെള്ള വിതരണ പദ്ധതിയുടെ കീഴിൽ കുഴൽ കിണറുകൾ, പമ്പുസെറ്റുകൾ മുതലായവ കാര്യക്ഷമമാക്കി വരുന്നു. പരമ്പരാഗത കുളങ്ങളും കിണറുകളും നന്നാക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി

LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് കമ്മിറ്റി മുഖേന ബ്ലോക്ക് ഓഫീസറുടെ മേൽ നോട്ടത്തിൽ പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായം നൽകുന്നതിനായി പാലക്കാട് ജില്ലയിൽ നടപ്പു സാമ്പത്തിക വർഷം പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിന് 750 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 35,71,658 രൂപ വിതരണം ചെയ്തു. കർഷകർക്ക് കണ്ടിജൻസി ഫണ്ടിൽനിന്നും 66,37,408 രൂപയുടെ വിത്തുകൾ വിതരണം ചെയ്തിട്ടുണ്ട്. 15-1-2004-ലെ സർക്കാർ ഉത്തരവു പ്രകാരം ചിറ്റൂർ താലൂക്കിലെ കൃഷിക്കാരിൽ നിന്നും ഒരു വർഷത്തേക്ക് ഇറിഗേഷൻ സെസ് പിരിക്കേണ്ട എന്ന നിർദ്ദേശം വച്ചിട്ടുണ്ട്. വരൾച്ചക്കെടുതിയുള്ള മുതലമട, ഇലവഞ്ചേരി, കൊഴിഞ്ഞാമ്പാറ തുടങ്ങിയ പ്രദേശങ്ങളിൽ കൃഷിക്ക് വെള്ളം എത്തിക്കുന്നതിന് ലക്ഷ്യം വച്ച് നിർമ്മാണ പ്രവർത്തനം നടത്തിവരുന്നു. കുരിയാർകുറ്റി-കാരപ്പാറ പദ്ധതി പൂർത്തിയാകുന്നതോടെ 4033 ഹെക്ടർ പ്രദേശത്തേക്ക് ജലസേചന സൗകര്യം ഏർപ്പെടുത്താൻ കഴിയുന്നതാണ്. സാമൂഹ്യ പെൻഷനുകൾ, അഗതി പെൻഷനുകൾ, വാർദ്ധക്യകാല പെൻഷനുകൾ, 50 വയസ് കഴിഞ്ഞ അവിവാഹിതരായവരുടെ പെൻഷൻ മുതലായവയുടെ ഗുണഭോക്താക്കൾക്ക് നടപ്പുവർഷം 816 ലക്ഷം രൂപ പാലക്കാട് ജില്ലയിൽ ജില്ലാകളക്ടർ വിതരണം ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയെ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ചത് അനുസരിച്ച് കേന്ദ്രത്തിൽ നിന്നും ലഭിച്ച 25,000 ടൺ അരിയിൽനിന്നും 6,000 ടൺ അരി സമ്പൂർണ്ണ ഗ്രാമീണ റോസ്ഗാർ യോജന പ്രകാരം Food for Works സ്കീമിൽപ്പെടുത്തി പാലക്കാട് ജില്ലയ്ക്ക് അനുവദിച്ചു. കൂടുതൽ കേന്ദ്ര സഹായത്തിനായി സമഗ്രമായ മെമ്മോറാണ്ടം തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്രത്തിൽ നിന്നുള്ള സഹായത്തോടുകൂടി കേരളത്തിൽ നിന്നുള്ള വിഭവങ്ങളും ഉപയോഗിച്ചുകൊണ്ട് പാലക്കാട് ജില്ലയിലെ ഈ സ്ഥിതിവിശേഷം നേരിടുന്നതിന് പുറമെ സഹായവും തേടുന്നതാണെന്ന് ഈ അവസരത്തിൽ സഭയ്ക്ക് ഉറപ്പു നൽകുന്നു.

<u>ശ്രീ. കെ. എ. ചന്ദ്രൻ:</u> സർ, ഇപ്പോഴത്തെ വരൾച്ചയിൽ 37,000 ഹെക്ടർ കൃഷി നശിച്ചു. 9,000 ഹെക്ടർ സ്ഥലം ചിറ്റൂർ പുഴയ്ക്ക് കീഴിലുള്ളത് ഉണങ്ങാതിരിക്കണമെങ്കിൽ നമ്മുടെ സംസ്ഥാനത്തെ കരാർ അനുസരിച്ച് നമുക്ക് ലഭിക്കേണ്ട വെള്ളം നമുക്ക് ലഭിക്കേണ്ടതാണ്. ഈ വർഷം 7.88 ദശലക്ഷം ടി.എം.സി. വെള്ളമാണ് നമുക്ക് ലഭിക്കേണ്ടത്. അതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതനുസരിച്ച് 3.7 ടി.എം.സി. വെള്ളം മാത്രമാണ് ലഭിച്ചത്. ബാക്കി വെള്ളം നമുക്ക് ഈ വർഷം ലഭിക്കേണ്ടത് അടിയന്തിരാവശ്യമാണ്. തിരുമൂർത്തിയിൽ ആവശ്യത്തിന് വെള്ളമുണ്ട്. തിരുമൂർത്തിയിലെ വെള്ളം ആളിയാറിൽ എത്തിച്ച് നമുക്ക് ലഭ്യമാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേകം ശ്രദ്ധിക്കുമോ?

<u>ശ്രീ. എ. കെ. ആന്റണി:</u> സർ, നിരന്തരമായി അവരുമായി ബന്ധപ്പെട്ട് കത്തയച്ചിട്ടുണ്ട്. ഇനിയും പാലക്കാട് ജില്ലയിലെ കൃഷിക്ക് പരമാവധി വെള്ളം എത്തിക്കുന്നതിനാവശ്യമായിട്ടുള്ള എല്ലാ ശ്രമങ്ങളും ഗവൺമെന്റ് തുടർന്നും നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly